**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 388** **19-03-2025 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെയും കുരങ്ങുകളെയും നിയന്ത്രിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസ മേഖലകളിൽ അതിക്രമിച്ച് കയറുന്ന കാട്ടുപന്നികളെ ദുരന്തനിവാരണ അതോറിറ്റി മുഖേന നിയന്ത്രിക്കുന്നതിനായി പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ-ന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയും 1972 ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും, ടി നിയമപ്രകാരം ഷെഡ്യൂൾ 2 ൽ പെട്ട കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. 07-03-2024 ലെ ഉത്തരവ് നം. (കൈ) 4/2024/DMD പ്രകാരം മനുഷ്യ – വന്യമൃഗ സംഘർഷം പൊതുവിൽ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ, അപകടകാരികളായ കാട്ടുപന്നികളെ കൊല്ലുന്നതിന് അംഗീകൃത ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപാ നിരക്കിലും, കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനത്തിൽ 2000 രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി-യുടെ ഫണ്ടിൽ നിന്നും വകയിരുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുവാൻ GO(Rt) No. 108/2025/DMD തീയതി 06/03/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജനങ്ങളുടെ സൈ്വരജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന കുരങ്ങുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷ-ങ്ങളുടെ യഥാർത്ഥ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് വ്യത്യസ്ത-മായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പ്രപ്പോസൽ തയ്യാറാക്കി നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമു-ട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടു കൂടി 'Mission Bonnet Macaque' എന്ന പേരിൽ വനം വകുപ്പ് തയ്യാറാക്കിയ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നിലവിൽ നാടൻ കുരങ്ങുകൾ 1972 ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുന്ന വന്യജീവി ആയതിനാൽ ഇവയുടെ എണ്ണം നിയന്ത്രി-ക്കുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നിരുന്നാലും കുരങ്ങുകളുടെ എണ്ണം ക്രമാതീതമായി പെരുകി സംഘർഷങ്ങൾക്ക് കാരണമാകുന്ന പ്രദേശ-ങ്ങളിൽ, ഇവയെ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാ-രിന്റെ അനുമതി തേടുന്നതുൾപ്പെടെയുള്ള നടപടികളും ഈ പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി നടപ്പിലാക്കുന്ന-തിനാവശ്യമായ വിശദമായ കർമ്മ പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. ഈ രംഗത്തെ വിദഗ്ധരെ കണ്ടെത്തുകയും പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ടി മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ശിൽപ്പശാല നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | നിലവിലുള്ള എല്ലാ നാട്ടാനകളുടെയും ജെനറ്റിക്ക് ഡാറ്റാബേസ് ശേഖരിക്കാൻ ലക്ഷ്യമിട്ടുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് വേണ്ടി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ആണ് നാട്ടാനകളുടെ ജനറ്റിക് ഡാറ്റാ ബേസ് തയ്യാറാ-ക്കുന്നത്. ആയതിന്റെ പുരോഗതി 20.02.2025 ൽ അവലോകനം ചെയ്തത് പ്രകാരം നിലവിൽ കേരള-ത്തിൽ ജീവിച്ചിരിക്കുന്ന 389 നാട്ടാനകളിൽ 39 എണ്ണത്തിന്റെ കൂടി ബയോളിക്കൽ സാമ്പിളുകൾ ശേഖരിക്കുവാൻ ബാക്കിയുണ്ട്. ടി നാട്ടാനകളുടെ മദപ്പാട് മൂലമോ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ മൂലമോ ആണ് സാമ്പിളുകൾ ശേഖരിക്കുവാൻ കഴിയാതി-രുന്നത്. ആയത് കൂടി അടിയന്തരമായി ശേഖരിച്ച് അയച്ച് കൊടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗ-സ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അന്തിമ പുരോഗതി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ